(ബി) ബയോഗ്യാസ് ഉത്പാദനത്തിനും ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുമായി അംഗീകൃത ടേൺകീ ഏജന്റുമാർ മുഖേന അനെർട്ട് സ്ഥാപിച്ച് നൽകുന്ന ബയോഗ്യാസ് പ്ലാന്റുകൾക്ക് 5 വർഷത്തെ പ്രവർത്തനക്ഷമത ഉറപ്പാക്കുന്നുണ്ട്.

(സി) അഞ്ചുവർഷ കാലയളവിലുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി ടേൺകീ ഏജന്റുമാർക്ക് അംഗീകാരം നൽകുന്ന സമയത്ത് അവരിൽനിന്നും നിശ്ചിത തുകയ്ക്കുള്ള ബാങ്ക് ഗാരന്റി വാങ്ങുകയും പരാതികൾ ഉണ്ടാകുന്നപക്ഷം അവ യഥാസമയം പരിഹരിച്ച് നൽകുകയും ചെയ്യുന്നുണ്ട്.

മാവേലിക്കര മണ്ഡലത്തിൽ ഊർജ്ജവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

43(2031) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഊർജ്ജ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ വിശദമാക്കുമോ ;

(ബി) മാവേലിക്കരയിലെ പ്രധാന ജംഗ്ഷനുകളായ മിച്ചൽ ജംഗ്ഷൻ, ചാരുംമൂട്, പടനിലം എന്നിവിടങ്ങളിൽ ഭൂഗർഭ ലൈൻ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിതരണ വിഭാഗത്തിൽ മാവേലിക്കര മണ്ഡലത്തിൽ 7421 പേർക്ക് സർവ്വീസ് കണക്ഷനുകൾ നൽകുകയും 58 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 93 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, 70 കീ.മി. എൽ.റ്റി. ലൈൻ വലിക്കുകയും ചെയ്തിട്ടുണ്ട്. പ്രസരണ വിഭാഗത്തിന്റെകീഴിൽ 2012 ജൂൺ മാസംമുതൽ വള്ളികുന്നം 33 കെ.വി. സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്ത് പ്രവർത്തനം നടന്നുവരുന്നു.

(ബി) ഭൂഗർഭലൈൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിലില്ല.

ടെലിസ്കോപിക് വൈദ്യുതി നിരക്ക്

44(2032) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly